[അദ്ധ്യക്ഷവേദിയിൽ ശ്രീ. എം. മുരളി]

III. ശ്രദ്ധ ക്ഷണിക്കൽ

(1) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കാർഷികമേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. സി. മോയിൻകുട്ടി : സർ, കേരളത്തിലെ കാർഷിക മേഖല, വിശേഷിച്ചും തിരുവമ്പാടി മണ്ഡലത്തിലെ മലയോര കുടിയേറ്റ മേഖലയിലെ കാർഷിക പ്രശ്നങ്ങൾ അത്യന്തം ഭയാശങ്കകളോടുകൂടിയും ഗൗരവത്തോടുകൂടിയും കാണേണ്ട ഒരു വിഷയം എന്നുള്ള നിലയിലാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കലിന് ഈ സന്ദർഭം ഉപയോഗ പ്പെടുത്തുന്നത്. കേരള ജനതയുടെ 70-80 ശതമാനം കർഷകരാണ്. ഈ കർഷകരെ സംബന്ധിച്ചിടത്തോളം, ഒരർത്ഥത്തിൽ അവർ അസംഘടിതരാണ്. മറ്റൊരു അർത്ഥ ത്തിലാണെങ്കിൽ ഒരുപാട് സംഘടനകളുടെ ബാഹുല്യം കൊണ്ട് ശ്വാസംമുട്ടുന്നവരാണ്. ഏതായിരുന്നാലും ശരി അവരുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരം ഒരു ഗവൺമെന്റും കണ്ടിട്ടില്ലെന്നാണ് എന്റെ അഭിപ്രായം. ഉമ്മൻചാണ്ടി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, സ്വാതന്ത്ര്യത്തിനുശേഷം ഏറ്റവും കൂടുതൽ ശ്രദ്ധ ഈ രംഗത്ത് പതിപ്പിച്ചിട്ടുണ്ട്. എങ്കിൽത്തന്നെയും ഇനിയും ഗൗരവത്തോടുകൂടി കാണേണ്ട ചില വിഷയങ്ങളാണ് എനിക്ക് സൂചിപ്പിക്കാനുള്ളത് ; ഈ കഴിഞ്ഞ വരൾച്ചയുടെ കാലത്ത് ചരിത്രത്തിലെ ഏറ്റവും വലിയ ധനസഹായം, എന്റെ പഞ്ചായത്തിൽ ഒരു കോടി രൂപ വരെ, എന്റെ മണ്ഡലത്തിൽ ഉൾപ്പെടെ, കിട്ടി ; അതിൽ നന്ദിയുണ്ട്. പക്ഷേ ഇപ്പോൾ വളരെയേറെ മാരകമായിട്ടുള്ള രോഗങ്ങൾ കൊണ്ട് ആ മേഖല ഒന്നടങ്കം പൂർണ്ണമായി നശിച്ചുകൊണ്ടിരിക്കുകയാണ്. പശ്ചിമഘട്ട മലനിരകളുടെ സംരക്ഷണമുള്ള, അനന്തമായിട്ടുള്ള ജൈവവൈവിദ്ധ്യ സാന്നിദ്ധ്യമുള്ള ഈ മണ്ഡലത്തിൽ ജനസാന്ദ്രത കൊണ്ട്, പാരിസ്ഥിതിയിൽ വന്നിട്ടുള്ള കടന്നുകയറ്റം കൊണ്ട്, എല്ലാ അർത്ഥത്തിലും അതിവർഷവും വരൾച്ചയും പ്രകൃതിക്ഷോഭവും കൊണ്ട്, വമ്പിച്ച നാശങ്ങൾ വന്നു കൊണ്ടിരിക്കുകയാണ്. 1048 ഹെക്ടർ നെല്ല്, 13502 ഹെക്ടർ തെങ്ങ്, 4400 ഹെക്ടർ കമുക്, 750 ഹെക്ടർ കുരുമുളക്, 6114 ഹെക്ടർ റബ്ബർ എന്നിവ എന്റെ മണ്ഡലത്തിലെ കൃഷി മേഖലയാണ്. അതെല്ലാം ഇന്ന് എല്ലാ അർത്ഥത്തിലും പൂർണ്ണമായി നശിച്ചുകൊണ്ടിരിക്കുകയാണ്. തെങ്ങിന് മണ്ഡരിയായിരുന്നത് ഇപ്പോൾ കൂമ്പ് ചീയലിന് വഴിമാറി. അതുപോലെ കമുകിന് മഹാളിയായിരുന്നു. ഇന്ന് അത് മഞ്ഞളിപ്പായി മാറി. കുരുമുളക് ഏറെക്കുറെ പൂർണ്ണമായി ദ്രുതവാട്ടം കൊണ്ട് നശിച്ചു. ഇതൊക്കെ നേരിട്ട് അനുഭവിക്കുന്ന ഒരു കർഷകന്റെ വികാരത്തോടുകൂടിയാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ ഇവിടെ അവതരിപ്പിക്കുന്നത്. എന്നും ആത്മവിശ്വാസം ഉണ്ടായിരുന്ന കർഷകൻ ഇന്ന് പൂർണ്ണമായി നിരാശയുടെ പടുകുഴിയിൽ തന്നെയാണ്. അതിനിടയിൽ വനാതിർത്തിയിൽ നിന്നു കാട്ടാന ശല്യവും ഉണ്ടാകുന്നു. ഇക്കാര്യങ്ങളെല്ലാം ഒരുപാട് തവണ ബഹുമാനപ്പെട്ട മന്ത്രിമാരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. ഇന്നും അതിന് പരിഹാരം ഉണ്ടായിട്ടില്ല. കൃഷിചെയ്ത് ജീവിക്കുന്ന കർഷകന്റെ ജീവനും സ്വത്തിനും കാട്ടാനയിൽ നിന്നും രക്ഷ

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നതിനുവേണ്ടിയുള്ള ആവശ്യം കഴിഞ്ഞ 10 വർഷമായി ഉന്നയിക്കുന്ന ഒരു കർഷകൻ എന്നുള്ള നിലയിൽ വളരെ അടിയന്തിരമായി ഈ ഗവൺമെന്റ് ഇനിയെങ്കിലും എന്തെങ്കിലും നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ഈ സന്ദർഭത്തിൽ എനിക്ക് പറയാനുള്ളത്, കാർഷിക മേഖലയിൽ ഒരുപാട് പ്രശ്നങ്ങളുണ്ട്. സമീപകാലത്ത് പച്ചത്തുള്ളൽ എന്നു പറയുന്ന വെട്ടുകിളിയുടെ ശല്യം കാരണം വമ്പിച്ച തോതിൽ കൃഷിനാശം സംഭവിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രിയുടെ അടിയന്തിരമായ ഇടപെടൽ കൊണ്ടും ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം കൊണ്ടും കുറെയേറെ പ്രശ്നങ്ങൾ ആ രംഗത്ത് പരിഹരിക്കാൻ സാധിച്ചത് നന്ദിപൂർവ്വം ഓർക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനടക്കം വന്ന് കണ്ടിട്ടുള്ള ഒരു കാര്യമാണ്. അതുപോലെ തന്നെ മറ്റൊന്ന് എനിക്ക് പറയാനുള്ളത്, ഈ രംഗത്തുള്ള ഗവേഷണ വൈദഗ്ധ്യം കാലത്തിനനുസരിച്ച് പുരോഗമിക്കുന്നില്ല എന്നുള്ള തിരിച്ചറിവ് നമ്മുടെ ഗവൺമെന്റിന് ഉണ്ടായിരിക്കണം. ഈ രംഗത്ത് കൂടുതൽ ഗവേഷണങ്ങൾ നടത്തേണ്ടതായിട്ടുണ്ട്. ഗവൺമെന്റിന്റെ കണക്കനുസരിച്ച് തിരുവമ്പാടി മണ്ഡലത്തിൽ 590 ഹെക്ടർ കൃഷി ഭൂമിയിലാണ് കൂമ്പ് ചീയൽ ബാധിച്ചിട്ടുള്ളത്. 150 ഹെക്ടറിൽ മാത്രമാണ് നാളികേര വികസന ബോർഡിന്റെ സഹായത്തോടുകൂടി ചില സഹായങ്ങൾ എത്തിക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുള്ളത്. അത് സത്യത്തിൽ വളരെ നാമമാത്രമാണ്. തെങ്ങ് കൃഷി പൂർണ്ണമായി നശിച്ച കേര കർഷകർക്ക് സംരക്ഷണം നൽകാൻ സാധിക്കണം. അതിൽ ഏറ്റവും നിർഭാഗ്യകരമായിട്ടുള്ളത് ഒരു ഹെക്ടറിൽ 60 തെങ്ങിനെങ്കിലും രോഗമുണ്ടെന്നാണ് ഗവൺമെന്റിന്റെ കണക്ക്. എന്നാൽ സർക്കാർ സഹായം നൽകിയിട്ടുള്ളത് 17 തെങ്ങിനുമാത്രമാണ്. ഇത് വളരെ അപര്യാപ്തമാണ്; മുഴുവൻ തെങ്ങുകൾക്കും അനുവദിക്കണം. അതോടൊപ്പംതന്നെ തെങ്ങ് മുറിച്ചു മാറ്റുന്നതിന് 250 രൂപയാണ് കൊടുക്കാൻ ഉദ്ദേശിക്കുന്നത്. അത് പത്ത് ശതമാനത്തിനു പോലും കൊടുക്കാൻ തികയില്ല. അതുകൊണ്ട് പൂർണ്ണമായി രോഗം വന്ന് നശിച്ച എല്ലാ തെങ്ങുകൾക്കും ധനസഹായം ലഭ്യമാക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. 500 രൂപ ഉണ്ടെങ്കിൽപ്പോലും ഒരു തെങ്ങ് മുറിച്ചുമാറ്റാൻ സാധ്യമല്ല. എങ്കിലും 500 രൂപയെങ്കിലും അനുവദിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ കമുകിന്റെ കാര്യമെടുത്താൽ, 800 ഹെക്ടറിൽ മഹാളി ബാധിച്ച്, മഞ്ഞളിപ്പ് ബാധിച്ച് നശിച്ചുകഴിഞ്ഞിരിക്കുകയാണ്. ഞങ്ങളുടെ കണക്ക് അനുസരിച്ച് എന്റെ മണ്ഡലത്തിൽ ചുരുങ്ങിയത് 25 ലക്ഷം കമുകാണ് പൂർണ്ണമായി നശിച്ചിട്ടുള്ളത്. ഒരു കമുക് മുറിച്ചുമാറ്റുന്നതിനുവേണ്ടി ഗവൺമെന്റ് അനുവദിച്ചിട്ടുള്ളത് 100 രൂപ മാത്രമാണ്. അത് 200 രൂപയാക്കാൻ സാധിക്കണം. പക്ഷേ ഇതിലുള്ള ഒരു പ്രശ്നം എന്താണെന്നു ചോദിച്ചാൽ ഒരു ശതമാനത്തിനു മാത്രമാണ് ഇതിന്റെ ഗുണം ലഭിക്കുന്നത്. 100-200 എന്നുള്ളതല്ല പ്രശ്നം. 8.7 ഹെക്ടറിന് മാത്രമാണ് മുറിച്ചു നീക്കാൻ 100 രൂപ വച്ച് നൽകുന്നത്. 800 ഹെക്ടർ ഭൂമി കമുക് കൃഷി ചെയ്യുന്ന ഒരു മണ്ഡലമാണ് എന്റെ മണ്ഡലം. അതുകൊണ്ട് ഇത് വളരെ കഷ്ടമാണ്. ഈ രംഗത്ത് ഗൗരവതരമായിട്ടുള്ള ഒരു പുനർചിന്തനം വേണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ കമുകുകളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതിയുണ്ട്. ഏഴര രൂപയാണ് 100 ഹെക്ടറിന് അനുവദിച്ചിട്ടുള്ളത്. എന്റെ മണ്ഡലത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

3000 ഹെക്ടർ കമുക് കൃഷിയുണ്ട്. സത്യത്തിൽ ഇത് വളരെയേറെ പ്രയാസകരമാണ്. ഈ രംഗത്ത് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഗൗരവമായി ഇടപെടണം. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം തിരിച്ചു വരവിന്റെ പാതയിലാണ്. ബഹുമാനപ്പെട്ട പരിണതപ്രജ്ഞയായിട്ടുള്ള മന്ത്രിയോട് എനിക്ക് പറയാനുള്ളത് കർഷകന്റെ ശാപം നമ്മുടെ ഗവൺമെന്റിന് ഉണ്ടായിക്കൂടാ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിടപറയുന്ന ഈ സന്ദർഭത്തിൽ എനിക്ക് വളരെ ഗൗരവത്തോടുകൂടി പറയാനുള്ളത് ഈ ഗവൺമെന്റിന് കർഷകരുടെ ശാപം അങ്ങയുടെ കാലത്ത് ഉണ്ടായിക്കൂടാ. കർഷകരുടെ താല്പര്യം എന്ത് വില കൊടുത്തും ഒരു പരിധിവരെ എങ്കിലും സംരക്ഷിക്കുന്നതിനുവേണ്ടി അങ്ങ് ശ്രമിക്കണം. ദ്രുതവാട്ടം കൊണ്ട് കുരുമുളക് പൂർണ്ണമായി നശിച്ചു. കുരുമുളക് എന്നു പറയുന്നത് വളരെ കുറച്ച് മാത്രമാണ് നമ്മുടെ പ്രദേശത്തുള്ളത്. അവാർഡ് ജേതാവായിട്ടുള്ള ഒരു കർഷകൻ എന്റെ കൺമുമ്പിൽവച്ച് അവന്റെ കുരുമുളക് തോട്ടം വെട്ടിനശിപ്പിച്ച് തീ ഇടുന്നത് നേരിട്ട് കാണാൻ എനിക്ക് സാധിച്ചു. മലബാറിലെ ഏറ്റവും നല്ല കുരുമുളക് കർഷകൻ അവന്റെ സ്വന്തം കൈകൊണ്ടാണ് ഈ രോഗം സ്പ്രെഡ് ചെയ്യാതിരിക്കുന്നതിനു വേണ്ടി കുരുമുളക് തോട്ടം പൂർണ്ണമായി വെട്ടി നശിപ്പിച്ചത്. ഇത് വികാരപരമായിട്ടുള്ള വിഷയമായിട്ടാണ് അവതരിപ്പിക്കുന്നത്. 750 ഹെക്ടർ സ്ഥലത്തെ കൃഷിയാണ് പൂർണ്ണമായും രോഗപീഡയിലായിട്ടുള്ളത്. ഈ രോഗത്തെ പ്രതിരോധിക്കാൻ സർക്കാർ കൊടുത്ത മരുന്ന് എന്നു പറയുന്നത് ട്രൈകോഡർമയാണ്. രോഗം ബാധിച്ച തെങ്ങുള്ള മുഴുവൻ ആളുകൾക്കും ട്രൈകോഡർമ നൽകുന്നതിനു വേണ്ടിയുള്ള ഉത്തരവുണ്ടാകണം. അതിന് ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഗവേഷണ കേന്ദ്രത്തിൽ രോഗകാരണവും അതിനുള്ള പ്രതിരോധവും കണ്ടെത്തണം. കൃഷിയിടങ്ങളിൽ മെച്ചപ്പെട്ട തൈകൾ കൃഷി ഓഫീസറുടെ മേൽനോട്ടത്തിൽ ഉല്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള സാഹചര്യം ഉണ്ടാകണം. നെൽക്കൃഷി എന്ന ഒരു സാധനം തന്നെ ഇപ്പോഴില്ല. ഇപ്പോൾ പത്ത് ശതമാനമായി കുറഞ്ഞിരിക്കുകയാണ്; കഴിഞ്ഞ പത്ത് വർഷംകൊണ്ടാണ് പത്ത് ശതമാനമായി കുറഞ്ഞത്. ഭാവി തലമുറയ്ക്ക് നെൽക്കൃഷി എന്താണെന്നു കാണിച്ചുകൊടുക്കുവാനെങ്കിലും, ആ ഒരു സദുദ്ദേശത്തോടുകൂടിയെങ്കിലും, ആ മേഖലയിൽ പ്രത്യേകമായ നിതാന്ത ജാഗ്രത കാണിച്ചുകൊണ്ട് എന്തെങ്കിലും ഇടപെടലുകൾ ഉണ്ടാകണം. കൃഷിക്കാർക്ക് മുതലാകുന്നില്ല. ഞങ്ങളൊക്കെ നെൽക്കൃഷിക്കാരാണ്. എന്നാൽ ഇന്ന് നെൽക്കൃഷി നടത്തുന്നില്ല. അത് എന്തു കൊണ്ടാണെന്ന് ഗൗരവമായി പരിശോധിച്ചുകൊണ്ട് ഒരു മുൻവിധിയില്ലാതെ കൃഷി നിലനിർത്തുന്നതിനുവേണ്ടിയുള്ള പരസ്പര ധാരണയോടുകൂടിയുള്ള സഹകരണം ഈ രംഗത്ത് ഉണ്ടാകണം. രാഷ്ട്രീയ നേതൃത്വംകൂടി ഈ ചർച്ചയിൽ ഇടപെടണമെന്നാണ് എനിക്ക് പറയാനുള്ളത്. കമുക് കൃഷി, അടയ്ക്ക സംഭരണത്തിനു വേണ്ടി കാംപ്കോ സബ്സിഡി നിരക്കിൽ കുറേ കാശ് അനുവദിച്ചിട്ടുണ്ട്. ഇന്നും ഒരുപാട് സംഖ്യ കൊടുത്തു തീർക്കുവാനുണ്ട്. ഇക്കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതിനുള്ള ഫണ്ട് കിട്ടിക്കഴിഞ്ഞാൽ തീർച്ചയായും സമയബന്ധിതമായി കൊടുത്തു തീർക്കുമെന്ന് പറഞ്ഞിരുന്നു. അഞ്ചെട്ടു മാസമായി ആ കാശ് ഇനിയും കൊടുത്തിട്ടില്ല. കൃഷിക്കാർ വളരെ ബുദ്ധിമുട്ടിലാണ്. തീർച്ചയായും ആ രംഗത്തുകൂടി കൂടുതൽ ശ്രദ്ധിക്കണം..... വളരെ കുറച്ചേ

LIBRARY ARCHIVES Kerala Legislative Assembly

കിട്ടിയിട്ടുള്ളൂ. വി. കെ. സി. പറഞ്ഞത് 100 ശതമാനം ശരിയാണ്. ആ പണം തരാനുള്ളതാണ്. പണം വിതരണം ചെയ്യുമെന്ന് വ്യാമോഹിപ്പിച്ചിട്ട് കൊടുക്കാതെ യിരിക്കുന്ന രീതി ശരിയല്ല. കാർഷിക മേഖലയിലുള്ള പ്രശ്നങ്ങൾ രാഷ്ട്രീയ പ്രശ്നമല്ല. ഞാൻ ഉൾപ്പെടെയുള്ള കൃഷിക്കാർ ആത്മഹത്യയുടെ വക്കിലാണ്. അതുകൊണ്ട് ഈ രംഗത്ത് ഫലപ്രദമായി അങ്ങ് ഇടപെട്ടുകൊണ്ട് വളരെ ഗൗരവമായി ഈ വിഷയം കൈകാര്യം ചെയ്യണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : സർ, വരൾച്ചമൂലമുണ്ടായ കൃഷിനാശം, ഉയർന്ന ഉൽപ്പാദനച്ചെലവ്, ഉയർന്ന കൂലിനിരക്ക്, ഉൽപ്പന്നങ്ങളുടെ വിലയിടിവ്, പ്രധാന വിളകളായ നാളീകേരം, കുരുമുളക്, അടയ്ക്ക എന്നിവയുടെ രോഗ കീടബാധ, ജലസേചനത്തിന്റെ അപര്യാപ്തത, റബ്ബർ ഒഴികെയുള്ള മറ്റ് കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന ക്ഷമതയുടെ കുറവ്, വിളവെടുപ്പ് സമയത്ത് തൊഴിലാളികളുടെ ദൗർലഭ്യം എന്നിവയാണ് കാർഷിക മേഖല ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ. അത് ഇന്നും ഇന്നലെയും ഉണ്ടായതല്ല. കുറേക്കാലമായി തുടരുന്നതാണ്. ഇതിനു പുറമേ ഉദാരവത്കരണത്തിന്റെ ഭാഗമായി നടപ്പാക്കിയ കയറ്റിറക്കുമതി നയംമൂലമുണ്ടായ കാർഷികോല്പന്നങ്ങളുടെ വിലയിടിവും കാർഷിക മേഖലയെ ബാധിച്ചു. തിരുവമ്പാടി മേഖലയിലുള്ള പ്രധാന വിളകൾ, നെല്ല്, തെങ്ങ്, കമുക്, കുരുമുളക്, റബ്ബർ എന്നിവയാണ്. റബ്ബറിന് ഇപ്പോൾ വലിയ പ്രശ്നങ്ങളില്ല. ഉയർന്ന വിലയുമുണ്ട്. അതുകൊണ്ട് റബ്ബറിന്റേതായിട്ടുള്ള പ്രശ്നമില്ല. ഈ ഏരിയായിലുള്ള 1380 ഹെക്ടർ തെങ്ങിൻതോട്ടത്തിൽ 590 ഹെക്ടർ പ്രദേശത്ത് കൂമ്പ് ചീയൽ രോഗം ബാധിച്ചിട്ടുണ്ട്. ഈ രോഗം പല പ്രാവശ്യമായി തുടങ്ങിയിട്ട് കുറേക്കാലമായി. കൃഷി വകുപ്പും നാളികേര വികസന ബോർഡും നടപ്പിലാക്കുന്ന പ്രതിരോധ പ്രോജക്ടിന്റെ ഭാഗമായി ഈ മേഖലയിൽ ഇപ്പോൾ ഈ കൊല്ലം 150 ഹെക്ടർ തെങ്ങിൻതോട്ടം ഉൾപ്പെടുത്തിക്കൊണ്ടുള്ള നടപടികൾ എടുക്കുന്നുണ്ട്. ഈ പ്രോജക്ട് പ്രകാരം ഹെക്ടർ ഒന്നിന് 17,500 രൂപ ധനസഹായം നൽകുന്നതാണ്. ഒരു തെങ്ങ് മുറിച്ചുമാറ്റുന്നതിന് 250 രൂപ കൊടുക്കുന്നത് അപര്യാപ്തമാണെന്ന് പറഞ്ഞു. 250 രൂപയല്ല ആയിരം രൂപ കൊടുത്താലും അപര്യാപ്തമാണ്. പക്ഷേ കേരളത്തിൽ തന്നെ ഏതാണ്ട് അഞ്ച് ജില്ലകളിൽ വേര് ചീയൽ രോഗമാണുള്ളത്. ആ വേര് ചീയൽ രോഗം വന്ന തെങ്ങു വെട്ടിമാറ്റാൻ ആയിരം രൂപ അല്ലെങ്കിൽ 500 രൂപ കൊടുത്താലും മതിയാകില്ല ; അതിലും വലിയ തുകയാകും. എന്നാൽ അത്രയും തുക നൽകാൻ സാധിക്കുന്നതല്ല. ഈ ബഡ്ജറ്റിലോ അല്ലെങ്കിൽ ഒരു അഞ്ച് കൊല്ലക്കാലത്തെ ബഡ്ജറ്റിൽ ഇതൊന്നും നിർത്താൻ കഴിയുകയില്ല. അതുകൊണ്ടാണ് സാധിക്കത്തക്ക വിധത്തിൽ ഒരു സഹായം നൽകുന്നത്. ഇത് കൃഷിക്കാരന് ഒരു സഹായം കൊടുക്കലാണ്. ഇതിനു മുമ്പ് ഒരിക്കലും നടക്കാത്തത് അല്ലേ? അന്ന് വളരെ ശ്ലാഘിച്ച് പ്രസംഗിച്ച ആളാണ്, ഇന്ന് ഇവിടെ വന്നിട്ട് എല്ലാം നശിച്ചു, കൃഷിക്കാരന്റെ ശാപം കിട്ടുമെന്നൊക്കെ പറഞ്ഞത്. എനിക്കു തോന്നുന്നു, ഒരു മാസമായില്ല. ഒക്കെ മറന്നിട്ട് ഇപ്പോൾ വന്നു പറയുന്നു, ശാപം കിട്ടുമെന്ന്. ആ വിധത്തിലുള്ള പ്രസംഗമല്ലേ അങ്ങ് നടത്തിയത്. വേറെ ഒരു ഗവൺമെന്റും കമുക് ചീയൽ രോഗത്തിന് ഒരു

LIBRARY ARCHIVES Kerala Legislative Assembly

പ്രതിവിധിയും എടുത്തിട്ടില്ല. അതിനായി ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റും നാളികേര ബോർഡുമായിട്ട് ആലോചിച്ച് നടപടി എടുക്കുകയാണുണ്ടായത്. രോഗം വന്ന തെങ്ങുകൾ വെട്ടിമാറ്റുവാനാണ് തീരുമാനം. അതല്ലാത്ത ഭാഗീകമായി രോഗം വന്ന തെങ്ങുകൾ, അതിന്റെ ഇലയെല്ലാം വെട്ടിമാറ്റി മരുന്നുതളിച്ച് സൂക്ഷിച്ച് അതിനെ ചികിത്സിച്ച് നടുന്നതിനുള്ള നടപടിയുമുണ്ട്. അതിന്റെ ഭാഗമായി മുഴുവനും വെട്ടി മാറ്റലല്ല, മറിച്ച് ചികിത്സിച്ചു ഭേദമാക്കാവുന്നതാണ്. നാളികേരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ എടുത്തുവരുന്നു. നമ്മുടെ നാട്ടിൽ, അങ്ങയുടെയൊക്കെ നാട്ടിൽ ഉൾപ്പെടെ തെങ്ങിന്റെ വെട്ടിമാറ്റലിനായി പ്രോജക്ട് അംഗീകരിച്ചത് അല്ലാതെ പണമൊന്നും കിട്ടിയിട്ടില്ല. അത് വ്യാപകമായി തുടങ്ങിയിട്ടില്ല. ഇത് നമ്മൾ വിത്ത് തേങ്ങ എടുക്കുന്ന പ്രദേശമായിരുന്നു. വിത്ത് തേങ്ങ എടുക്കുന്ന പ്രദേശമെന്നുള്ള നിലയിൽ ഗവൺമെന്റിന് കിട്ടാവുന്നതായിട്ടുള്ള എല്ലാ നടപടികളും എടുത്തു. സ്വാധീനിക്കാവുന്നവരെ സ്വാധീനിച്ചു. ആ നടപടി തുടങ്ങിയതാണ്. 500 ഏക്കറിൽ ഈ കൊല്ലം 150 ഏക്കർ ചെയ്യുന്നതിനുള്ള നടപടി എടുത്തിട്ടുണ്ട്. അതാണ് വന്നിരിക്കുന്നത്. സാറ്റിസ്ഫാക്ഷനാണ്. ഇദ്ദേഹം മാത്രമല്ല ശ്രീ. ബിനോയിയും അന്നത്തെ വലിയ പ്രാസംഗികർ ആയിരുന്നു. എല്ലാവർക്കും, എനിക്കുമുണ്ട് 1000 കൊടുത്താൽ കൊള്ളാമെന്ന്; പക്ഷേ പണമില്ല. ഉള്ള സഹായം പോലും കൊടുക്കുവാൻ കഴിയുന്നില്ല. ഇന്ന് നാളികേര വികസന ബോർഡും ഞങ്ങളും കൂടി നോക്കിയിട്ട് കയ്യിലുള്ള പണം വച്ച് അടിയന്തിരമായി 250 രൂപ വച്ച് കൊടുക്കുക എന്നുള്ള രീതിയിൽ നടപടി എടുത്തു. വേര് ചീയൽ രോഗത്തിനും വെട്ടിമാറ്റിക്കൊടുക്കുന്ന തെങ്ങിനും അതു മാത്രമേ പറഞ്ഞിട്ടുള്ളൂ. ശ്രീ. ബിനോയ്, നമ്മുടെ നാട്ടിൽ തെങ്ങിന് രോഗം ബാധിച്ചിട്ട് നൂറു കൊല്ലമായി. അന്നൊന്നും ആരും ഇതിനെപ്പറ്റി ആലോചിച്ചിട്ടില്ല. ഇപ്പോഴും ഇല്ല. തെങ്ങിന്റെ രോഗം എല്ലായിടത്തുമുണ്ട്. അത് ചികിത്സിക്കുന്നതിനുള്ള നടപടികൾ എടുക്കാം. സാധിക്കുന്നതല്ലേ ചെയ്യാൻ പറ്റൂ. ഒന്നും ചെയ്യാതിരുന്നാൽ ഇത് വളർന്നുകൊണ്ടിരിക്കും. അന്ന് ശ്ലാഘിച്ചു പ്രസംഗിച്ചവരാണ്. അന്നത്തെ പ്രസംഗം കേട്ടാൽ എനിക്ക് പൂമാലയിട്ട് മൂടുന്ന പോലെയായിരുന്നു. അതുകഴിഞ്ഞ് ഇവിടെ വന്ന്, ഞാൻ വേദനയോടെ പറയുകയാണ്, ശാപം പിടിക്കുമെന്ന്. ആ വാക്ക് നിങ്ങൾ പിൻവലിക്കേണ്ടതാണ്. കമുക് കൃഷിയുള്ളത് 4400 ഹെക്ടർ പ്രദേശത്താണ്. നൂറു രൂപ കൊടുത്ത് കമുക് വെട്ടി മാറ്റുന്നതിനുവേണ്ടിയുള്ള നടപടികളാണ് അംഗീകാരത്തിനായി കേന്ദ്രത്തിലേക്ക് അയച്ചിട്ടുള്ളത്. കൂമ്പ് ചീയൽ രോഗം ബാധിച്ച പ്രദേശത്തെ കമുക് വെട്ടിമാറ്റി കളയാനുള്ള ഒരു പ്രോജക്ട് ഞങ്ങൾ എഴുതി അയച്ചിട്ടുണ്ട്; അംഗീകാരം കിട്ടിയിട്ടില്ല. ചെറിയതായിട്ടുള്ള വിധത്തിൽ പത്ത് പഞ്ചായത്തിലേക്ക് ആദ്യത്തെ തവണ എന്നുള്ള നിലയിൽ കേന്ദ്രം ധനസഹായം കൊടുത്തുകൊണ്ട് തുടങ്ങിയതാണ്. ആ കൂട്ടത്തിൽ ഇതിനെ വെട്ടിമാറ്റാതെ തൽക്കാലത്തേക്ക് വെള്ളവും പരിചരണവും നൽകുന്നതിനുള്ള നടപടിയുമുണ്ട്. പക്ഷേ മഞ്ഞളിപ്പു രോഗം ഒരു കാലത്തും മാറുന്നതല്ല. മഞ്ഞളിപ്പ് രോഗം ബാധിച്ചവ കഴിയുന്നത്രയും വെട്ടിമാറ്റാനും വെട്ടിമാറ്റുന്ന പ്രദേശത്ത് കമുക് കൃഷി ചെയ്യാനും കൃഷിക്കാരെ സഹായിക്കുന്നതിന് വേണ്ടിയിട്ടുള്ള നടപടികൾ എടുക്കുന്നതാണ്. വെട്ടിമാറ്റുന്ന പ്രദേശത്ത് പിന്നീട് കമുക് കൃഷി ചെയ്യാൻ കൃഷിക്കാർ താൽപ്പര്യം കാണിക്കുന്നില്ല എന്നതാണ് വസ്തുത. കുരുമുളകിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് ചെയ്ത കാര്യങ്ങളെല്ലാം ഈ ഗവൺമെന്റ് വന്നതിനു ശേഷം ചെയ്തതാണ്. ഞാൻ പല പ്രാവശ്യം നിയമസഭയിൽ പറഞ്ഞതാണ്. ഏതാണ്ട് നമ്മളുടെയൊക്കെ, വടക്കേ ഇന്ത്യയിലൊക്കെ കൃഷിയുമായിട്ടുള്ള വ്യത്യാസം പറഞ്ഞ് കേന്ദ്ര ഗവൺമെന്റിനെ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ റി-പ്ലാന്റിംഗ് സബ്സിഡി കിട്ടിയിട്ടുണ്ട്. കേരളത്തിൽ റി-പ്ലാന്റിംഗ് സബ്സിഡി റബ്ബറിനു മാത്രമാണ് മുഴുവനായിട്ടുള്ളത്. റബ്ബർ ബോർഡ് കാര്യമായി അത് അന്വേഷിക്കുന്നതിന്റെ ഫലമായി റബ്ബർ കൃഷി അഭിവൃദ്ധിപ്പെടുന്നുണ്ട്. കുരുമുളകും കശുവണ്ടിയും ഇപ്രാവശ്യം കേന്ദ്ര ഗവൺമെന്റ് റി-പ്ലാന്റിംഗിൽ ഉൾപ്പെടുത്തി സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. റി-പ്ലാന്റിംഗ് സ്ക്കീമിൽ അതനുസരിച്ച് മുപ്പതു കോടി രൂപ കൊടുത്തിട്ടുണ്ട്. അത് തുടങ്ങാൻ പറഞ്ഞിരിക്കുന്നത്, വയനാട്, കോഴിക്കോട്, ഇടുക്കി എന്നീ മൂന്ന് പ്രദേശങ്ങളിലാണ്. അവിടെ അതിനുള്ള നടപടി എടുത്തിട്ടുണ്ട്. കുരുമുളകിനുള്ള ദ്രുതവാട്ടം തടയാൻ മരുന്ന് കണ്ടുപിടിച്ചിട്ടുണ്ട്. എക്സ്റ്റെൻഷൻ സർവ്വീസും റിസർച്ച് സർവ്വീസും തമ്മിലുള്ള അകലംമൂലം ഇതൊന്നും ഫലപ്രദമായി ഉപയോഗിക്കുന്നതിന് കഴിയുന്നില്ല. എം.എൽ.എ.-മാരും കർഷക സംഘടനകളും പഞ്ചായത്തുകളുമൊക്കെ യോജിച്ചാണ് ദ്രുതവാട്ടത്തിനുള്ള മരുന്നുകൾ പ്രയോഗിച്ച് തൈകളെ സംരക്ഷിക്കാൻ കഴിയുന്ന തരത്തിലുള്ള നടപടികൾ എടുത്തത്. കേരളത്തിലെ കാർഷിക മേഖല പ്രത്യേകിച്ച്, മലയോര പ്രദേശങ്ങളായ വയനാട്, ഇടുക്കി, കോഴിക്കോട് ജില്ലകൾ നേരിടുന്ന കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ചയും വിളനാശവും പരിഹരിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തിലെ മുഴുവൻ കൃഷിക്കാരും കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽ നിന്നും എടുത്ത പണത്തിന്റെ പലിശയിൽ അടുത്ത ഒരു കൊല്ലത്തേക്ക് ഇളവ് വരുത്തിയിട്ടുണ്ട്; വയനാട്ടിൽ മൂന്ന് കൊല്ലത്തേക്ക് ഇളവ് ചെയ്തിട്ടുണ്ട്. എടുത്ത കടം തിരിച്ചടയ്ക്കുന്നതിനുള്ള കാലാവധി മാർച്ച് മാസം വരെ നീട്ടിയിട്ടുണ്ട്. വയനാട് ജില്ലയ്ക്ക് കൊടുക്കുന്നതിനുള്ള പണം 140 കോടി രൂപയായിരുന്നു. ഇത് കൊടുക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. കൃഷിക്കാരന് കൊടുക്കാനുള്ള ആനുകൂല്യങ്ങൾ കൊടുത്തിരുന്നു. കോ-ഓപ്പറേറ്റീവ് ബാങ്കിന് കൊടുക്കാനുള്ള തുക കൊടുക്കാനുള്ള നടപടികളും എടുത്തിട്ടുണ്ട്. സംസ്ഥാനത്ത് ആത്മഹത്യ ചെയ്ത 234 കർഷകരുടെ കുടുംബങ്ങൾക്ക് അമ്പതിനായിരം രൂപ വീതം കൊടുത്തു. കൃഷിക്കാർ ഒരുപാട് ബുദ്ധിമുട്ടിലാണ്. അതൊന്നും ഇന്നോ ഇന്നലെയോ ഉണ്ടായതല്ല. 1994-ലാണ് ഡബ്ല്യു.ടി.ഒ. എഗ്രിമെന്റ് വന്നത്. അത് കൃഷിക്കാരെ എങ്ങനെ ബാധിക്കുമെന്നും എങ്ങനെ കൃഷിക്കാർക്ക് അനുകൂലമാക്കി മാറ്റാമെന്നുമുള്ള രണ്ട് വിധത്തിലുള്ള നടപടികളെടുക്കുന്നതിന്, സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ കേന്ദ്രഗവൺമെന്റിനെക്കൊണ്ട് എടുപ്പിച്ചും മറ്റ് നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചും കൃഷിക്കാരെ സഹായിക്കുന്നതിന് ആവശ്യമായ നടപടികളെടുത്തിട്ടുണ്ട്. നാദാപുരത്ത് ഇന്ന് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാവശ്യമായ നടപടികളെടുക്കാൻ ഉദ്യോഗസ്ഥരും എം.എൽ.എ.-മാരും മറ്റും യോജിച്ചുള്ള പ്രവർത്തനമാണ് നടത്തിയത്. ആ പ്രവർത്തനം ഇനിയും മുന്നോട്ടു കൊണ്ടുപോയാൽ മുഴുവൻ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിലും കൃഷിക്കാരന് ഏറെക്കുറെ ആശ്വാസമേകാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മോയിൻകുട്ടി : നാളികേര വികസന ബോർഡിന്റേയും ഗവണ്മെന്റിന്റേയും സാമ്പത്തിക സഹായത്തോടുകൂടിയാണല്ലോ കൂമ്പ് ചീയലിനുള്ള നഷ്ടപരിഹാരം നൽകുന്നത്. യഥാർത്ഥത്തിൽ തെങ്ങുകൃഷി പൂർണ്ണമായും നശിച്ച കർഷകരിൽ പത്ത് ശതമാനത്തിനുപോലും ഈ ധനസഹായം ലഭ്യമാകുന്നില്ല എന്നുള്ളതാണ് സത്യം. അതുപോലെ കമുകിന് ഒന്നര ശതമാനം മാത്രമാണ് ലഭിക്കുന്നത്. പരിപൂർണ്ണമായി നശിച്ചിട്ടുള്ള തെങ്ങിനും കമുകിനും മുഴുവൻ തുകയും ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ഗവൺമെന്റ് എടുത്തിട്ടുള്ള പ്രൊസീഡ്യുവറിൽ എന്തെങ്കിലും തകരാറുണ്ടെങ്കിൽ പരിശോധിക്കാം. കുറച്ച് തെങ്ങിനേ കൊടുക്കുകയുള്ളൂ. ബാക്കിയുള്ളതിന് കൊടുക്കുകയില്ല. കൂമ്പ് ചീയൽ രോഗം രണ്ട് വിധത്തിലുണ്ടാകാം. ഒന്ന് തെങ്ങ് മുഴുവൻ പോയി എന്നുവരില്ല. തുടക്കത്തിൽത്തന്നെ മരുന്നുകളും മറ്റും ഉപയോഗിച്ച് മാറ്റാവുന്നതാണ്. അതുകൊണ്ടാണ് മുഴുവൻ തെങ്ങുകളും വെട്ടി മാറ്റാത്തത്. അതിന്റെ ആവശ്യമില്ല. വെട്ടിമാറ്റേണ്ടതായ തെങ്ങുകൾ വെട്ടിമാറ്റാൻ പറയുക. ഏതെങ്കിലും വിധത്തിൽ ഒരു പരിധി വയ്ക്കുന്നില്ലെങ്കിൽ അത് മാറ്റുന്നതിനുള്ള നടപടി എടുക്കാം. പക്ഷേ വെട്ടിമാറ്റേണ്ടത് വെട്ടി മാറ്റിയശേഷം അല്ലാത്ത തെങ്ങുകളിൽ ബോർഡോമിശ്രിതം തളിച്ചും മറ്റ് നടപടികളെടുക്കുകയും ചെയ്താൽ കൂടുതൽ തെങ്ങുകളെ സംരക്ഷിച്ചെടുക്കാം. അതിനുള്ള നടപടികളുണ്ട്. പിന്നെ കൃഷിക്കാരനെ സഹായിക്കാൻ അവിടെ നിന്ന് വിത്ത് തേങ്ങ എടുത്തതിന്റെ വിലകുറച്ച് കഴിഞ്ഞ കൊല്ലത്തേതുപോലെ ആക്കിയിട്ടുണ്ട്. ഇങ്ങനെ ചെയ്യാവുന്നത് മുഴുവൻ ചെയ്താലും നിയമസഭയിൽ വന്ന് പിരാകിയാലോ. അത് ശരിയല്ല.

(2) ഭാരതപ്പുഴ അതോറിറ്റി രൂപീകരിക്കണമെന്ന ആവശ്യം

ശ്രീ. വി. കെ. ചന്ദ്രൻ : സർ, വളരെ ഗൗരവമായ ഒരു വിഷയത്തിന് പരിഹാരം കാണുന്നതിനുവേണ്ടിയാണ് ഞാൻ അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ഭാരതപ്പുഴ ഏതാണ്ട് നാശത്തിന്റെ പാതയിലേക്ക് നീങ്ങിയിരിക്കുകയാണ്. പോഷകനദികളുടെ കാര്യത്തിൽ സമ്പന്നമാണ് ഭാരതപ്പുഴ. കണ്ണാടിപ്പുഴ, കൽപ്പാത്തിപ്പുഴ, ഗായത്രിപ്പുഴ, തൂതപ്പുഴ എന്നീ പോഷകനദികൾ ഭാരതപ്പുഴയെ സമ്പുഷ്ടമാക്കുന്നുണ്ട്. കേരളത്തിലുള്ള അണക്കെട്ടുകളിൽ ഏറിയ പങ്കും ഭാരതപ്പുഴയിലാണ്. പതിനാല് അണക്കെട്ടുകൾ ഈ നദിയിലുണ്ട്. രണ്ട് കണ്ണുകൾക്കിടയിൽ ഒരു മൂക്ക് കണ്ണാടി വയ്ക്കാനാണെങ്കിൽ, രണ്ട് കുന്നുകൾക്കിടയിലുള്ള ഒരു നീർച്ചാൽ അണക്കെട്ടാനാണെന്നാണ് നമ്മുടെ എൻജിനീയർമാർ കരുതിയത് എന്ന് ബഹുമാന്യനായ ശ്രീ. എം. വി. കൃഷ്ണവാര്യർ കളിയാക്കി പറഞ്ഞ വസ്തുത ഇവിടെ ഞാൻ ഓർക്കുകയാണ്. പോത്തുണ്ടി അണക്കെട്ടിന്റെ റിസർവോയറിൽ ഇന്ന് കാലികൾ മേയുകയാണ്. മംഗലം റിസർവോയറിന്റേയും സ്ഥിതി ഇതിൽ നിന്ന് വ്യത്യസ്തമല്ല. അൽപ്പം വെള്ളമുള്ളത് മലമ്പുഴ ഡാമിലാണ്. മലമ്പുഴ ഡാമിന്റെ ജലസമൃദ്ധി കുറയുകയാണ്. മലമ്പുഴ ഡാമിന്റെ വൃഷ്ടി പ്രദേശം കുറഞ്ഞുകുറഞ്ഞു വരുന്നു. വാളയാർ ഡാമിന്റെ വൃഷ്ടി പ്രദേശത്ത് നിന്നാണ് ഇപ്പോൾ മലബാർ സിമന്റ്സിന് ആവശ്യമായ ചുണ്ണാമ്പുകല്ല് ഖനനം ചെയ്യുന്നത്. കോടിക്കണക്കിന് രൂപ ചെലവഴിച്ച്

LIBRARY ARCHIVES Kerala Legislative Assembly